(ബി) ഇതു സംബന്ധിച്ച് മറയിരുവനുമായുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; പ്രസ്തുത സംരംഭത്തിന് പുതുതായി സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തൊക്കെ നടപടിക്രമങ്ങളാണ് സ്വീകരിയ്ക്കുവാനുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ കാര്യങ്ങളാണ് ഇനിയൊടകം തീർപ്പാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മേൽപ്പാലത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പാലം നിർമ്മാണം ടെണ്ടർ ചെയ്യുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്നാ പ്രസ്തുത നടപടി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിയ്ക്കുന്നതെന്നാ അറിയിക്കുമോ?

ഉത്തരം

(എ-ഡി) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മറവന്തുരുത്ത് മേൽപ്പാലത്തിന്റെ ആകെ എസ്റ്റിമേറ്റ് തുക ഭൂമി ഏറ്റെടുക്കുന്നതിന് ഉൾപ്പെടെ 2784.43 ലക്ഷം രൂപയാണ്. ആയതിന്റെ വിശദമായ പദ്ധതി രേഖ സർക്കാർ പരിശോധിച്ച വരുന്നതേയുള്ളൂ. മേൽപ്പാലത്തിന്റെ ജനറൽ അറേഞ്ച്മെന്റ് പ്ലാനിന് റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്ന കാര്യം തീരുമാനിക്കുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

പണയിൽകടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

371.(1456) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം, ചെറുന്നിയൂർ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പണയിൽകടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതി നാവശ്യമായ ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പാലം പണി പൂർത്തിയായി രണ്ടുമൂന്നിരുവർഷമെങ്കിലും അപ്രോച്ച് റോഡ് നിർമ്മാണം നടക്കാത്തതു കാരണം ബുദ്ധിമുട്ടനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പണയിൽകടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ആവശ്യമായ ഭൂമിയുടെ സർവ്വേ വില സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് വിഭാഗങ്ങളും പദ്ധതികളും വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly